**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2502** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെയർ എക്കണോമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെയർ എക്കണോമിയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി വയോജന പരിചരണം, ഭിന്ന ശേഷിക്കാരുടെ പരിചരണം തുടങ്ങിയവയിൽ പരിശീലനം നൽകുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം ഇതുവരെ ധനകാര്യ വകുപ്പ് എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ? | (എ) | കെയർ എക്കണോമിയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി കുടുംബശ്രീയിൽ ഹർഷം പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ഇതിലേയ്ക്കായി ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ബജറ്റ് വിഹിതം വകയിരുത്തിയിട്ടില്ല. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ അനുവദിച്ച് നൽകിയിട്ടുള്ള ഫണ്ടാണ് ഇത്തരം പദ്ധതികളുടെ പരിശീലനങ്ങൾക്കായി വിനിയോഗിക്കുന്നത്. ഹർഷം പദ്ധതിയിൽ 645 പേർക്ക് കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസി (KASE) യുടെ ഫണ്ട് ഉപയോഗിച്ച് പരിശീലനം നൽകിയിരുന്നു. ഇതിനായി 62 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് മഹാമാരി കാരണം ഇവർക്ക് ഒരു സുസ്ഥിര വരുമാനം ലഭിക്കുന്നുണ്ടായിരുന്നില്ല. മാത്രമല്ല പരിശീലനം ലഭിച്ചവരിൽ 15% പേർ മാത്രമേ പ്രസ്തുത മേഖലയിൽ തുടരുന്നുള്ളൂ. 2020-21 സാമ്പത്തിക വർഷം ഹർഷം ഉൾപ്പെടുന്ന വിവിധ തരം സംരംഭക പരിശീലനത്തിനായി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ കുടുംബശ്രീക്ക് ആകെ 10 കോടി രൂപ അനുവദിച്ചിരുന്നു.ഹർഷം പരിശീലനത്തിനായി കുടുംബശ്രീ അംഗങ്ങളെ തെരഞ്ഞെടുക്കാൻ ജില്ലകളോട് ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത മേഖലയിൽ പരിശീലനത്തിനായി താത്പര്യം പ്രകടിപ്പിച്ചവരുടെ എണ്ണം വളരെ കുറവായിരുന്നതിനാലും കോവിഡ് നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നതി നാലും 2021-22 സാമ്പത്തികവർഷം ഹർഷം പദ്ധതിയിൽ പരിശീലനം ലഭ്യമാക്കിയിട്ടില്ല. എന്നാൽ പരിശീലനത്തോടൊപ്പം മറ്റു ഹാൻഡ്ഹോൾഡിങ് സപ്പോർട്ടുകൾ കൂടി ഉൾപ്പെടുത്തി ഒരു പദ്ധതി രൂപീകരിക്കാനും, പ്രസ്തുത മേഖലയിൽ പ്രവർത്തിക്കാൻ ഇഷ്ടമുള്ള പരിശീലനാർത്ഥികളെ മാത്രം സ്ക്രീൻ ചെയ്ത് |

| | | | |
|---|---|---|---|
| | | | കണ്ടെത്താനും, പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനുതകുന്ന സോഫ്റ്റ് വെയർ രൂപീകരിക്കുന്നതിനുമുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2502 | 17-03-2022 ലെ മറുപടിക്ക്

ചോദ്യം
ശ്രീ. അൻവർ സാദത്ത്

മറുപടി
ശ്രീ. കെ.എൻ. ബാലഗോപാൽ
ബഹു. ധനകാര്യ വകുപ്പ് മന്ത്രി

## കെയർ എക്കണോമി

| | | |
|---|---|---|
| (എ) | കെയർ എക്കണോമിയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി വയോജന പരിചരണം, ഭിന്നശേഷിക്കാരുടെ പരിചരണം തുടങ്ങിയവയിൽ പരിശീലനം നൽകുമെന്ന് ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം ഇതുവരെ ധനകാര്യ വകുപ്പ് എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ ? | കെയർ എക്കണോമിയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി കുടുംബശ്രീയിൽ ഹർഷം പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ഇതിലേയ്ക്കായി ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ബജറ്റ് വിഹിതം വകയിരുത്തിയിട്ടില്ല. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ അനുവദിച്ച് നൽകിയിട്ടുള്ള ഫണ്ടാണ് ഇത്തരം പദ്ധതികളുടെ പരിശീലനങ്ങൾക്കായി വിനിയോഗിക്കുന്നത്.<br><br>ഹർഷം പദ്ധതിയിൽ 645 പേർക്ക് കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസി (KASE) യുടെ ഫണ്ട് ഉപയോഗിച്ച് പരിശീലനം നൽകിയിരുന്നു. ഇതിനായി 62 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട് . എന്നാൽ കോവിഡ് മഹാമാരി കാരണം ഇവർക്ക് ഒരു സുസ്ഥിര വരുമാനം ലഭിക്കുന്നുണ്ടായിരുന്നില്ല. മാത്രമല്ല പരിശീലനം ലഭിച്ചവരിൽ 15% പേർ മാത്രമേ പ്രസ്തുത മേഖലയിൽ തുടരുന്നുള്ളൂ. 2020-21 സാമ്പത്തിക വർഷം ഹർഷം ഉൾപ്പെടുന്ന വിവിധ തരം സംരംഭക പരിശീലനത്തിനായി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ കുടുംബശ്രീക്ക് ആകെ 10 കോടി രൂപ അനുവദിച്ചിരുന്നു. ഹർഷം പരിശീലനത്തിനായി കുടുംബശ്രീ അംഗങ്ങളെ തെരഞ്ഞെടുക്കാൻ ജില്ലകളോട് ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത മേഖലയിൽ പരിശീലനത്തിനായി താത്പര്യം പ്രകടിപ്പിച്ചവരുടെ എണ്ണം വളരെ കുറവായിരുന്നതിനാലും കോവിഡ് നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നതിനാലും 2021-22 സാമ്പത്തിക വർഷം ഹർഷം പദ്ധതിയിൽ പരിശീലനം ലഭ്യമാക്കിയിട്ടില്ല. എന്നാൽ പരിശീലനത്തോടൊപ്പം മറ്റു ഹാൻഡ്ഹോൾഡിങ് സപ്പോർട്ടുകൾ കൂടി ഉൾപ്പെടുത്തി ഒരു പദ്ധതി രൂപീകരിക്കാനും, പ്രസ്തുത മേഖലയിൽ പ്രവർത്തിക്കാൻ ഇഷ്ടമുള്ള പരിശീലനാർത്ഥികളെ മാത്രം |

| | | |
|---|---|---|
| | | സ്ക്രീൻ ചെയ്ത് കണ്ടെത്താനും, പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനുതകുന്ന സോഫ്റ്റ് വെയർ രൂപീകരിക്കുന്നതിനുമുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു. |

അക്കൌണ്ട്സ് ഓഫീസർ